റോഡ്, ഭവനനിർമ്മാണം എന്നിവയ്ക്ക് പൊതുമാനദണ്ഡം

133 [339] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി., പരിപാടികളനുസരിച്ച് റോഡ്, ഭവനനിർമ്മാണം എന്നിവയ്ക്ക് എന്തെങ്കിലും പൊതുമാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) സാമ്പത്തികവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥയിലുള്ള ജനങ്ങൾ അധിവസിക്കുന്ന പഞ്ചായത്തുകൾക്ക് എന്തെങ്കിലും മുൻഗണന നൽകുന്നുണ്ടോ;

(സി) പാലക്കാട് വികസന ബ്ലോക്കിൽ കേരളശ്ശേരി പഞ്ചായത്തിൽ എൻ.ആർ.ഇ.പി. യിലും ആർ.എൻ.ഇ.ജി.പി.യിലും എത്ര വീടുകളും റോഡുകളും കഴിഞ്ഞ രണ്ടുവർഷമായി പണി ചെയ്തിട്ടുണ്ട്?

ഉത്തരം

(എ, ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

ഏണിക്കര–നെടുമ്പാറ–കല്ലയം റോഡ്

134 [341] ശ്രീ. കെ.വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാടു വികസന ബ്ലോക്കിന്റെ കീഴിലുള്ളതും കരകുളം പഞ്ചായത്തിൽ വരുന്നതുമായ ഏണിക്കര–നെടുമ്പാറ–കല്ലയം റോഡ് എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ മൊത്തം എസ്റ്റിമേറ്റ് എത്ര രൂപയാണ്;

(സി) ഈ റോഡിന്റെ പണി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1983–84 ലെ ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നു.

(ബി) 16 ലക്ഷം രൂപ.

(സി) ഫണ്ടിന്റെ അഭാവം മൂലവും 1985–86-ലെ ഷെൽഫിൽ ചേർത്തിട്ടില്ലാത്തതുകൊണ്ടും ഈ പണി ആരംഭിക്കാൻ നിർവ്വാഹമില്ല.

കരകുളം പഞ്ചായത്തിൽ എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ

135 [342] ശ്രീ. കെ.വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് വികസന ബ്ലോക്കിൽ ഉൾപ്പെട്ട കരകുളം പഞ്ചായത്തിൽ എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള എത്ര റോഡുകൾക്ക് ഭരണാനുമതി നൽകുവാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം റോഡുകൾക്കാണ് അനുമതി നൽകുവാനുള്ളത്;

(സി) ഇവയ്ക്ക് അനുമതി നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻ വർഷങ്ങളിലെ ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന മൂന്നു റോഡുപണികൾക്ക് ഭരണാനുമതി നൽകുവാനുണ്ട്.

(ബി) (1) ഏണിക്കര–നെടുമ്പാറ–കല്ലയം റോഡ്.
(2) കാറമൂടു–നമ്പോടുപടി–മുഖത്തുനട റോഡ്.
(3) കെൽട്രോൺ–ആട്ടറവട്ടം–റോഡ്.

(സി) കാറമൂട്–നമ്പാട്ടുപടി–മുഖത്തുനട റോഡ് 1985–86-ലെ ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ അഭാവം മൂലം മറ്റു രണ്ടു റോഡുകൾ ഏറ്റെടുക്കുവാൻ നിവൃത്തിയില്ല.

വേങ്കോട്–മുക്കോല റോഡിന്റെ പണി

136 [343] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാടു വികസന ബ്ലോക്കിലെ കരകുളം പഞ്ചായത്തിൽ വേങ്കോടു–മുക്കോല റോഡിന്റെ മെറ്റൽ പണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഈ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അഴീക്കൽ ഫെറി റോഡ്

137 [344] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂമാഹി പഞ്ചായത്തിലെ അഴീക്കൽ ഫെറി റോഡ് ആർ.എൽ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി ടാർ ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അക്കാര്യത്തിൽ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) ഇല്ല.

വികലാംഗരായ എൽ.വി.ഇ.ഒ, വി.ഇ.ഒ. മാർ

138 [345] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly